പി.റ്റി (3) 81115/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി. 11.10.2018

Email : keralarcs@gmail.com
Website : www.cooperation.kerala.gov.in
Tel : No.04712330726

## സർക്കുലർ നമ്പർ 50/2018

വിഷയം : 65 - സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത് - മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്

സൂചന : 1. സംസ്ഥാന സഹകരണ യൂണിയന്റെ 01.10.2018 ലെ പി.ആർ.6500/2018 നമ്പർ കത്ത്

2. സംസ്ഥാന സഹകരണ യൂണിയന്റെ 05.10.2018 ലെ പി.ആർ/6500/2018 നമ്പർ കത്ത്

**********

65- മത് അഖിലേന്ത്യാ സഹകരണ വാരാഘോഷം 2018 നവംബർ 14 മുതൽ 20 വരെ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ ,കേരള തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ വാരാഘോഷത്തിന്റെ പ്രമേയം " സഹകരണ പ്രസ്ഥാനത്തിന്റെ സമഗ്ര വികാസത്തിലും സദ്ഭരണത്തിലും കൂടിയുള്ള ഗ്രാമീണാഭിവൃദ്ധി " ( Inclusive Growth and Good Governance through Co-operatives for Rural Prosperity) എന്നാണ്.

65- മത് അഖിലേന്ത്യ സഹകരണ വാരാഘോഷ ദിനങ്ങളുടെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 14.11.2018 | സഹകരണ വിപണനം , സംസ്കരണം , സംഭരണം<br>(Co-operative Marketing, Processing , Storage) |
| 15.11.201 | സഹകരണത്തിലൂടെ ജൈവ കൃഷിയും ചെലവ് രഹിത കൃഷിയും.<br>(Co-operatives Key for Organic farming and Zero Budget Farming) |
| 16.11.2018 | സഹകരണത്തിലൂടെ മൂല്യവർദ്ധനയും ,വ്യാപാര സ്ഥാപനവും.<br>(Value addition and Brand Building through Cooperatives |
| 17.11.2018 | സഹകരണത്തിലൂടെ പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കൽ<br>(Building Public -Private Cooperative Partnership |
| 18.11.2018 | സഹകരണത്തിലൂടെ സർക്കാർ പദ്ധതികളുടെ ബോധവൽക്കരണവും വരുമാനമുണ്ടാക്കലും<br>(Awareness of Government Schemes and Income Generation through Cooperatives) |
| 19.11.2018 | യുവജന - വനിത, പിന്നാക്ക വിഭാഗങ്ങൾക്കായുള്ള സഹകരണ പ്രസ്ഥാനങ്ങൾ<br>(Cooperatives for Youth, Women and Weaker Sections |
| 20.11.2018 | സഹകരണത്തിലൂടെ വൈദഗ്ധ്യവും , സാങ്കേതികതയും വർദ്ധിപ്പിക്കൽ.<br>(Skill and Technology upgradation through Cooperatives) |

മേൽ വിഷയങ്ങൾ ആധാരമാക്കി സെമിനാറുകൾ ,പ്രബന്ധ,പ്രസംഗ മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ ,പൊതു സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ യൂണിയനും സർക്കിൾ തലത്തിൽ അതാത് സർക്കിൾ സഹകരണ യൂണിയനുകൾക്കുമാണ് സംഘാടന ചുമതല.

വാരാഘോഷത്തിന്റെ മുന്നോടിയായി സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ സർക്കിൾ/ജില്ല/സംസ്ഥാന തലത്തിൽ സ്കൂൾ,കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ, പ്രബന്ധമത്സരങ്ങൾ സംഘടിപ്പിക്കേണ്ടതും സംസ്ഥാനതല ഉദ്ഘാടന സമാപന ചടങ്ങുകളോടനുബന്ധിച്ച് ബന്ധപ്പെട്ട ജില്ലകളിൽ പൊതു സമ്മേളനങ്ങളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതുമാണ്

വാരാഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനവും സമാപന പരിപാടികളും സംഘടിപ്പിക്കുന്നതിന് ആവശ്യമായ ധനസമാഹരണം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും അപ്പെക്സ് സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന സഹകരണ യൂണിയന് നടത്താവുന്നതും സർക്കിൾ തലത്തിലുള്ള വാരാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം സഹകരണ യൂണിയൻ ഭരണസമിതി/ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അതാത് സർക്കിളുകളിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച് സംഘടിപ്പിക്കാവുന്നതുമാണ്. ഇക്കൊല്ലത്തെ സഹകരണ വാരാഘോഷ പരിപാടികൾ മഴക്കെടുതിമൂലം തികച്ചും ആർഭാട രഹിതമായി ആയിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു

(ഒപ്പ്)

എസ്.ഷാനവാസ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്- .

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
2. ആഡിറ്റ് ഡയറക്ടർ,ആഡിറ്റ് ഡയറക്ടറേറ്റ്,തിരുവനന്തപുരം
3. കേരള സംസ്ഥാന സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർക്ക്
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ട് (ആഡിറ്റ്) മാർക്കും
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് മാർക്കും
7. എല്ലാ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ/സെക്രട്ടറിമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി /പി.റ്റി)